**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 953** **14-01-2021 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ സ്ലൂക്ച്ചറുകളുടെ അറ്റകുറ്റപ്പണി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .എസ്. ശിവകുമാർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജലസേചനത്തിനായി സ്ഥാപിച്ച പല പദ്ധതികളും കാലാകാലങ്ങളിൽ യന്ത്ര തകരാർ പരിഹരിക്കാത്തത് മൂലം നാശോന്മുഖമായ അവസ്ഥയിലാണോ; എങ്കിൽ അവ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് അറിയിക്കുമോ; | (എ) | ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 കാര്യാലയത്തിനു കീഴിലുള്ള കല്ലട ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട പരവൂർ ഡിസ്ട്രിബ്യൂട്ടറിയിൽ പ്രവർത്തന രഹിതമായ ചിറക്കര ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ പണി പൂർത്തീകരിക്കുന്നതിനായി 13.70 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു. തൃശ്ശൂർ ഇറിഗേഷൻ ഡിവിഷനു കീഴിൽ കോൾ നിലങ്ങളിൽ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ RKI പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1 കാര്യാലയത്തിന് കീഴിൽ ചമ്രവട്ടം ഡിവിഷനിൽ ഉൾപ്പെടുന്ന വെള്ളിയാങ്കല്ല് റെഗുലേറ്ററിന്റെ ഷട്ടറുകൾക്ക് മെക്കാനിക്കൽ, ഇലക്ട്രിക്കൽ അറ്റകുറ്റപണികൾ ആവശ്യമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. പഴശ്ശി ബാരേജിലെ ഷട്ടറുകളുടെ പ്രവൃത്തിയും കുറ്റ്യാടി ജലസേചനപദ്ധതിയുടെ പെരുവണ്ണാമുഴി ഡാം ഷട്ടറുകളുടെ മെയിന്റനൻസ് പ്രവൃത്തികളും DPR ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. കാര്യാലയത്തിനു കീഴിൽ പീച്ചി ജലസേചന പദ്ധതിയുടെ വലതുകര കനാൽ വാൽവിന് 21/09/2020 ന് തകരാർ സംഭവിച്ചിരുന്നു. അത് താത്ക്കാലികമായി പരിഹരിച്ച് ജലവിതരണം നടത്തി വരുന്നുണ്ട്. സ്ഥിര സംവിധാനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കുട്ടനാട് പാക്കേജിനു കീഴിലുള്ള കുട്ടനാട് ഡെവലപ്മെന്റ് സർക്കിൾ, ചെങ്ങന്നൂരിന്റെ പരിധിയിലുള്ള ചില ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേഷനുകളിലെ മോട്ടോറുകൾക്ക് തകരാറുകൾ സംഭവിച്ചിട്ടുണ്ടായിരുന്നു. ഇവ പരിഹരിച്ച് ഈ സീസണിൽ ജലവിതരണം നടത്തുന്നുണ്ട്. |
| (ബി) | 2018ലും 2019ലും ഉണ്ടായ പ്രളയത്തിൽ തകർന്ന | (ബി) | ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 2 |

| | | |
|---|---|---|
| | ഇറിഗേഷൻ സ്ട്രക്ച്ചറുകളുടെ അറ്റകുറ്റപ്പണിക്ക് ഭരണാനുമതി നൽകി നാളുകൾ കഴിഞ്ഞിട്ടും പല പദ്ധതികളും ഇനിയും ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ എത്ര പ്രവർത്തികൾ; വ്യക്തമാക്കുമോ; | കാര്യാലയത്തിനു കീഴിൽ ഭരണാനുമതി ലഭിച്ച പ്രവർത്തികൾ സമയബന്ധിതമായി നടപ്പാക്കിവരുന്നു. കല്ലട ജലസേചന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച 'RKI - KIP(RB) മെയിൻ കനാൽ Earth Slippage at ch.17000 മീ.' എന്ന പ്രവൃത്തിയുടെ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ നടന്നുവരുന്നു. ആയത് പൂർത്തീകരിച്ചതിനുശേഷമേ തുടർ പ്രവർത്തികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളു. മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച 40 പ്രവർത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ ഇറിഗേഷൻ പ്രോജക്ടിൽ ഉൾപ്പെട്ട കാർത്തികപ്പള്ളി ഡിസ്ട്രിബ്യൂട്ടറിയുടെ പുനരുദ്ധാരണ പ്രവൃത്തി നടപ്പാക്കുന്ന ഭാഗത്ത് അതിർത്തി തർക്കം നിലനിൽക്കുന്നതിനാൽ അതിർത്തി നിർണ്ണയിക്കുന്നതിന് റവന്യൂ അധികൃതരെ അറിയിച്ചെങ്കിലും അതിർത്തി നിർണ്ണയിച്ചു ലഭിക്കാത്തതിനാൽ പണി ഇതുവരെയായി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. പഴശ്ശി ജലസേചനപദ്ധതിക്കു കീഴിൽ 93 പ്രവൃത്തികളിൽ 43 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കാരാപ്പുഴ ജലസേചനപദ്ധതിയുടെ കീഴിൽ 7 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2 പ്രവൃത്തികളുടെ റീ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 2019 ലെ പ്രളയത്തിൽ തകർന്ന 2 പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂരിന് കിഴിൽ 41 പ്രവൃത്തികൾക്ക് റീ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. അട്ടപ്പാടി വാലി ജലസേചന പദ്ധതിക്കുകീഴിൽ ഉൾപ്പെടുന്ന തകർന്നുപോയ ചുളിക്കടവ് -ചിറ്റൂർ റോഡിന്റെ പ്രവൃത്തി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) യിൽ ഉൾപ്പെടുത്തി പുരോഗിച്ചുവരുന്നു. ഇറിഗേഷൻ ഡിവിഷൻ, മലമ്പുഴക്ക് കീഴിലുള്ള പ്രവൃത്തികൾ മിക്കവാറും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ 2021 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുന്നതാണ്. 2018 ലെ പ്രളയത്തിൽ പീച്ചി ഇടതുകര കനാൽ 19/600 കി. മീറ്റർ ഭാഗത്ത് തകർന്നുപോയിരുന്നു. ഇത് താത്ക്കാലികമായി പരിഹരിച്ച് 3 വർഷമായി ജലവിതരണം നടത്തി വരുന്നു. ഇതിനായി സ്ഥിര സംവിധാനമായ അക്വഡക്ട് സ്ഥാപിക്കുന്നതിന് റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി 03/03/2020 ന് ഭരണാനുമതി നൽകുകയും പ്രസ്തുത പ്രവർത്തി ടെണ്ടർ ചെയ്ത് 08/12/2020 ന് എഗ്രിമെന്റ് വെച്ച് 17/12/2020 ന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തു. പ്രവർത്തി പുരോഗമിച്ച് വരുന്നു. കൂടാതെ പീച്ചി |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ പ്രളയ കെടുതിയിൽ നാശനഷ്ടം സംഭവിച്ച ഭാഗങ്ങൾ പുതുക്കിപണിയാൻ SDRF ൽ ഉൾപ്പെടുത്തി 1267.37 ലക്ഷം രൂപയുടെ 122 പദ്ധതികൾ തയ്യാറാക്കി നടന്നു വരുന്നു. അതിൽ 886.522 ലക്ഷം രൂപയുടെ 97 പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. |
| (സി) | ഭരണാനുമതി ലഭിച്ച പ്രവർത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ജലസേചന വകുപ്പിനു കീഴിൽ 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ തകർന്ന ഇറിഗേഷൻ നിർമ്മിതികളുടെ അറകുറ്റപ്പണികൾക്കായി അംഗീകാരം നൽകിയ പ്രവർത്തികൾ വിവിധ നിർവഹണ ഘട്ടങ്ങളിലാണ്. അവയുൾപ്പെടെ ജലസേചന വകുപ്പിലെ എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ